# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 6857 10.07.2014 - ൽ മറുപടിക്ക്

## വടകരയിലെ യു.ഡിസ്മാറ്റ് പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി കെ.കെ. ലതിക | പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |

(എ) വാട്ടർ അതോറിറ്റി വടകരയിൽ നടപ്പാക്കിയ യു.ഡിസ്മാറ്റ് പദ്ധതിയുടെ എസ്റ്റിമേറ്റ് തുക എത്രയായിരുന്നുവെന്നും എന്തു തുകയ്ക്കാണ് ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ചതെന്നും നാളിതുവരെ എന്തു തുക ചെലവഴിച്ചുവെന്നും വ്യക്തമാക്കുമോ ;

(എ) വാട്ടർ അതോറിറ്റി വടകരയിൽ നടപ്പാക്കിയ യു.ഡിസ്മാറ്റ് പദ്ധതിയുടെ എസ്റ്റിമേറ്റ് തുക 2291.75 ലക്ഷം രൂപ

ഭരണാനുമതി തുക - 2291.75 ലക്ഷം രൂപ

സാങ്കേതികാനുമതി തുക - 2091.75 ലക്ഷം രൂപ

നാളിതുവരെ ചെലവഴിച്ച തുക - 2128.63 ലക്ഷം രൂപ

(ബി) എന്തെല്ലാം പ്രവൃത്തികൾ ചെയ്യുന്നതിനുള്ള എസ്റ്റിമേറ്റിനാണ് പ്രസ്തുത പദ്ധതിയിൽ അംഗീകാരം ലഭിച്ചതെന്ന് വ്യക്തമാക്കുമോ ;

(ബി) താഴെ പറയുന്ന പ്രവൃത്തികൾ ചെയ്യുന്നതിനുള്ള എസ്റ്റിമേറ്റിനാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്.

| | |
|---|---|
| പാക്കേജ് - IA | കാപ്പുമല ശുദ്ധീകരണശാലയിൽ നിന്ന് കുറുമ്പയിൽ ജംഗ്ഷൻ വരെ 500 എം.എം.ഡി.ഐ.കെ.9 പൈപ്പ് വിതരണം ചെയ്ത് സ്ഥാപിക്കൽ |
| പാക്കേജ് - IB | കുറുമ്പയിൽ നിന്ന് വിവിധ ജലസംഭണികളിലേക്കുള്ള 400 എം.എം., 350എം.എം., 250 എം.എം., 200 എം.എം.ഡി.ഐ. കെ.9 ഗ്രാവിറ്റി മെയിനുകൾ വിതരണം ചെയ്ത് സ്ഥാപിക്കൽ |

| | |
|---|---|
| പാക്കേജ് - II | കുറ്റ്യാടി കെ.എസ്.ഇ.ബി. സബ്സ്റ്റേഷനിൽ നിന്ന് റോ വാട്ടർ പമ്പ് ഹൗസിലേക്ക് അണ്ടർ ഗ്രൗഡ് കേബിൾ സ്ഥാപിക്കൽ |
| പാക്കേജ് - III | നിലവിലുള്ള 400 എം.എം.ഡി.ഐ. റോ വാട്ടർ പമ്പിംഗ് മെയിൻ കേടുപാടു സംഭവിച്ച സ്ഥലങ്ങളിൽ പുതിയ റിഫ്ളക്സ് വാൽവുകൾ സ്ഥാപിച്ച് 200 മീറ്റർ ദൂരത്തിൽ പുനരുദ്ധരിക്കൽ |
| പാക്കേജ് - IV | വിതരണ കുഴലുകൾ ഇല്ലാത്ത മേഖലകളിൽ വിതണ കുഴലുകൾ സ്ഥാപിക്കൽ |
| പാക്കേജ് - V | റോ വാട്ടർ പമ്പ് ഹൗസിൽ ഉയർന്ന ശേഷിയുള്ള പമ്പ് സെറ്റ് സ്ഥാപിക്കൽ |

(സി) പ്രസ്തുത പദ്ധതിക്കുവേണ്ടി വൈദ്യുതി ലഭിക്കുവാൻ അണ്ടർ ഗ്രൗണ്ട് കേബിളുകൾ സ്ഥാപിക്കുവാൻ പദ്ധതി യുണ്ടായിരുന്നുവോ എന്നും ആയതിന് അംഗീകാരം ലഭി ച്ചിരുന്നുവോ എന്നും വ്യക്ത മാക്കുമോ ;

(സി) പ്രസ്തുത പദ്ധതിയിൽ കുരങ്ങോട്ടു കടവ് പമ്പ് ഹൗസിലേക്ക് അണ്ടർ ഗ്രൗഡ് കേബിൾ സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റിന് അംഗീകാരം ലഭിച്ചിട്ടുണ്ട്.

(ഡി) അംഗീകാരം ലഭിച്ചി രുന്നുവെങ്കിൽ ആയത് ഇതു വരെ നടപ്പാക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ ?

(ഡി) മേൽപ്രവൃത്തിക്കാവശ്യമായ ഫണ്ട് ലഭ്യമാക്കുന്നതിന്റെ എസ്റ്റിമേറ്റ് വടകര മുനിസിപ്പാലിറ്റി വഴി കേരള വാട്ടർ അതോറിട്ടി കെ.എസ്.യു.ഡി.പി.യിൽ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതിന് ഒടുക്കാൻ കെ.എസ്.ഇ.ബി. ആവശ്യപ്പെട്ടിട്ടുള്ള അടങ്കൽ തുക 219.62 ലക്ഷം രൂപയും, പദ്ധതിപ്രകാരം അംഗീകരിച്ചിട്ടുള്ള അടങ്കൽ തുക 150 ലക്ഷം രൂപയുമാകയാൽ അധികരിച്ച തുകയ്ക്കുള്ള എസ്റ്റിമേറ്റ്

അംഗീകാരം ലഭ്യമാക്കേണ്ടതുള്ളതിനാലും, അംഗീകരിച്ച പ്രോജക്ട്, അടങ്കലിനെ അധികരിച്ച് വേണ്ടി വന്നിട്ടുള്ള തുക കണ്ടെത്തേണ്ടതുള്ളതിനാലും അടുത്ത് നടക്കുന്ന എംപവേർഡ് കമ്മിറ്റിയുടെ തീരുമാനത്തിന് വിധേയമായി ഈ വിഷയത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ